

പാത്തുമ്മകുട്ടി നാട മുറിച്ചു കലോൽസവ പരിപാടി ഓഫീസ് ഉൽഘാടനം ചെയ്യുന്നു. ഡോ: കെ. മൊയ്തു, ഇ. വി. ഉസ്മാൻ കോയ, എം. വി. ബഷീർ എന്നിവരാണടുത്ത്.

# പാത്തുട്ടിത്താത്ത മുഖ്യാതിഥി!

കോഴിക്കോട്, ജനുവരി 9-

പാത്തുട്ടിത്താത്തയെ നഗരത്തിലെ പഴയ തലമുറയെങ്കിലും ഓർക്കും... പഴയ കാലത്തു മുസ്ലിം വീടുകളിൽ കല്യാണത്തിന്നു ഒപ്പനക്കളിക്കാരിയായി എത്താറുള്ള പാത്തുമ്മക്കുട്ടിയെ?

ാൽ നൂററാണ്ട് മുമ്പ് വേരററുപോയ ഈ ഒപ്പനക്കളിയുടെ നായികയായിരുന്ന പാത്തുമ്മക്കുട്ടി വീണ്ടും രംഗത്തെത്തി. കളിക്കാരിയായല്ല, മുഖ്യാതിഥിയായിട്ട്!

കോഴിക്കോട് നാഷനൽ കൾച്ചറൽ സെൻറർ റിപ്പബ്ലിക് ദിനത്തിൽ സംഘടിപ്പിക്കുന്ന നാടൻ കലോൽസവ പരിപാടികളുടെ സ്വാഗതസംഘം ഓഫീസ് റോബിൻസൺ റോഡിലെ ജവഹർ ബിൽഡിംഗ്സിൽ ഉൽഘാടനം ചെയ്തത് പാത്തുമ്മക്കുട്ടിയായിരുന്നു. മാപ്പിള കലക്ക് ആയുഷ്ക്കാലം ചെയ്ത സേവനത്തിന്നു വൈകിയെങ്കിലും ലഭിച്ച ഒരു എളിയ അംഗീകാരം.

എൻ. പി. മുഹമ്മദിൻെറ "എണ്ണപ്പാടം" എന്ന മുസ്ലിം സാമൂഹ്യ നോവലിലെ ഒരു പ്രധാന കഥാപാത്രമായ പാത്തുമ്മക്കുട്ടിയെ, കല്ലായ് പുഴയുടെ തീരത്തെ എണ്ണപ്പാടത്തെ അവരുടെ താമസസ്ഥലത്തു നിന്ന് കൾച്ചറൽ സെൻറർ പ്രവർത്തകർ ആദരവോടെ പരിപാടിക്ക് കൊണ്ടുവന്നപ്പോൾ ഒരു പഴയകാല കലാകാരി ആ അർത്ഥത്തിൽ ആദരിക്കപ്പെടുകയായിരുന്നു.

തികച്ചും ലളിതമായ ചടങ്ങിൽ സ്വാഗത സംഘം ഭാരവാഹികളായ എൻ. പി. മൊയ്തീൻ ഡോ: കെ. മൊയ്തു, സി. ഇ. ചാക്കുണ്ണി എന്നിവർ പങ്കെടുത്തു